ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:29.03.2025**

## പ്രധാനവാർത്തകൾ

1.) സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം നാളെ; മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായിയാണ് പ്രഖ്യാപനം.

2.) സ്റ്റാർട്ടപ്പ് നയത്തിലൂടെ സംസ്ഥാനത്ത് 60,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3.) വേതന വർധന ആവശ്യപ്പെട്ട് 13 ദിവസമായി അങ്കണവാടി ജീവനക്കാർ നടത്തി വന്ന അനിശ്ചിതകാല സമരം അവസാനിപ്പിച്ചു.

4.) കേരള സർവ്വകലാശാലയിൽ ഉത്തരക്കടലാസ് കാണാതായ സംഭവത്തിൽ അധ്യാപകനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി ആർ ബിന്ദു; പരീക്ഷ വിഭാഗത്തിൻറെ അടിയന്തര യോഗം ചൊവ്വാഴ്ച.

5.) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിൻറെ 120-ാാം പതിപ്പ് നാളെ.

6.) ദക്ഷിണേന്ത്യയിൽ ഏറ്റവും വേഗത്തിൽ റൺവേ റീ കാർപ്പറ്റിങ് പൂർത്തിയാക്കിയ നേട്ടം സ്വന്തമാക്കി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം.

&&&&&&&&&&&&&&&&&&

RNU TVPM

## സമ്പൂർണ മാലിന്യമുക്തം

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം നാളെ നടക്കും. 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80% ലധികം പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്. തുടർന്ന് ഏപ്രിൽ 5 വരെ തീയതികളിലായ് ജില്ലാതല പ്രഖ്യാപനങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി (ഇൻട്രോ)

സ്റ്റാർട്ടപ്പ് നയത്തിലൂടെ സംസ്ഥാനത്ത് കഴിഞ്ഞ 9 വർഷത്തിനുള്ളിൽ 6,200 സ്റ്റാർട്ടപ്പുകളും 60,000 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് ജി-ടെക് സംഘടിപ്പിച്ച സ്കിൽ ഫെസ്റ്റിവൽ പെർമ്യൂട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നൂതന വ്യവസായ രംഗത്ത് സംസ്ഥാനം വൻ മാറ്റങ്ങളുടെ പാതയിലാണ്. ഐ ടി കയറ്റുമതിയിൽ മൂന്നിരട്ടിയോളം വർധനയുണ്ടായതായും മുഖ്യമന്ത്രി അറിയിച്ചു.

(ഹോൾഡ്)

RNUTVPM

&&&&&&&&&&&&&&&&&&

## അങ്കണവാടി സമരം അവസാനിച്ചു

വേതന വർധന ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് 13 ദിവസമായി അങ്കണവാടി ജീവനക്കാർ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തി വന്ന അനിശ്ചിതകാല സമരം അവസാനിപ്പിച്ചു. ധനമന്ത്രി കെ എൻ ബാലഗോപാലുമായി നടത്തിയ ചർച്ചയെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്. അങ്കണവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഉറപ്പ് നൽകിയ ധനമന്ത്രി, വിദഗ്ധ സമിതിയെ നിയോഗിക്കുമെന്നും അറിയിച്ചു.

&&&&&&&&&&&&&&&&&&

## ആശപ്രവർത്തകർ - സമരം

സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം പത്താം ദിവസത്തിലേക്കു കടന്നു. സമരത്തിന്റെ ഭാഗമായി ആശമാർ തിങ്കളാഴ്ച മുടി മുറിച്ച് പ്രതിഷേധിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു. സെക്രട്ടേറിയറ്റിന് മുന്നിലും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ മുടി മുറിച്ച് പ്രതിഷേധിക്കും.

&&&&&&&&&&&&&&&&&&

## ലഹരി ഉപഭോഗം

സംസ്ഥാനത്ത് കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം നാളെ. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ രാവിലെ 10 മണിക്കാണ് യോഗം. വിഷയവുമായി ബന്ധപ്പെട്ട് കർമപദ്ധതി തയ്യാറാക്കാൻ വിദഗ്ധരുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും സിനിമ- സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗമാണ് നടക്കുക.

RNU TVPM

&&&&&&&&&&&&&&&&&&

## വൻ രാസലഹരി വേട്ട

കോഴിക്കോട് - മലപ്പുറം അതിർത്തിയായ വള്ളിക്കുന്ന് കടലുണ്ടി നഗരത്തിൽ വൻ രാസലഹരി വേട്ട. രഹസ്യ നിരീക്ഷണത്തിനൊടുവിലാണ് 335 ഗ്രാം MDMA യുമായി കോഴിക്കോട് നരിപ്പറ്റ സ്വദേശികളായ ലബീബ്, മുഹമ്മദ് അലി എന്നിവർ പിടിയിലായത്.

&&&&&&&&&&&&&&&&&&

## കേരളസർവകലാശാല - ആർ ബിന്ദു (ഇൻട്രോ)

കേരള സർവ്വകലാശാലയിൽ എം ബി എ വിദ്യാർഥികളുടെ ഉത്തരക്കടലാസ് കാണാതായ സംഭവത്തിൽ അധ്യാപകനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ ബിന്ദു. ഗുരുതരമായ കൃത്യവിലോപമാണ് ഉണ്ടായതെന്നും വിഷയം ഗൗരവമായി കാണുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

അതെസമയം, ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ വൈസ് ചാൻസലർ വിളിച്ച പരീക്ഷ വിഭാഗത്തിൻറെ അടിയന്തര യോഗം ചൊവ്വാഴ്ച ചേരും.

&&&&&&&&&&&&&&&&&&

## കണ്ണൂർ - എഡിഎം. നവീൻബാബു

RIJU TVPM

കണ്ണൂർ എ ഡി എം കെ നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു. കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. ശാസ്ത്രീയ തെളിവുകൾ ഉൾപ്പെടുത്തിയ കുറ്റപത്രം കണ്ണൂർ റേഞ്ച് ഡിഐജി പരിശോധിച്ച ശേഷമാണ് കോടതിയിൽ സമർപ്പിച്ചത്. കേസിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമായിരുന്ന പി പി ദിവ്യയെ മാത്രം പ്രതി ചേർത്തതായാണ് സൂചന.

&&&&&&&&&&&&&&&&&&

## 70 ലക്ഷത്തോളം രൂപ പോലീസ് പിടിച്ചെടുത്തു

കൊച്ചി വെല്ലിങ്ടൺ ഐലൻഡിൽ രേഖകൾ ഇല്ലാതെ ഓട്ടോറിക്ഷയിൽ കടത്താൻ ശ്രമിച്ച രണ്ടു കോടി 70 ലക്ഷത്തോളം രൂപ പോലീസ് പിടിച്ചെടുത്തു. ബീഹാർ സ്വദേശി സബിൻ അഹമ്മദ്, ഓട്ടോ ഡ്രൈവറും തമിഴ്നാട് സ്വദേശിയുമായ രാജഗോപാൽ എന്നിവരെ പോലീസ് കസ്റ്റഡിയിൽ എടുത്തു.

&&&&&&&&&&&&&&&&&&

## പി.എം - മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 120-ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും മൻകി ബാത് തത്സമയം ലഭ്യമാകും. തുടർന്ന് പരിപാടിയുടെ പ്രാദേശിക പരിഭാഷയുമുണ്ടാകും.

&&&&&&&&&&&&&&&&&&

## ഉഷ്ണതരംഗം - മുഖ്യമന്ത്രി

സംസ്ഥാനത്ത് വേനൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ ഉഷ്ണതരംഗ സാധ്യത മുൻനിർത്തി ജാഗ്രത തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഉഷ്ണ തരംഗ സാധ്യത, ആരോഗ്യ ജാഗ്രത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻകരുതൽ നടപടികൾക്കായി വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശം നൽകി. വിനോദസഞ്ചാരികൾക്കിടയിൽ ഉഷ്ണതരംഗ ജാഗ്രതാനിർദേശങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## എക്സലൻസ് അവാർഡ് വിതരണം

തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള ഉറച്ച സഹകരണമാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി വി ശിവൻകുട്ടി. മികച്ച വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡുകൾ തിരുവനന്തപുരത്ത് വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്ന നടപടികൾക്കൊപ്പം തൊഴിലുടമകൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കാനും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പതിമൂന്നു

മേഖലകളിലെ മികച്ച സ്ഥാപനങ്ങൾക്കാണ് എക്സലൻസ് അവാർഡുകൾ നൽകിയത്.

&&&&&&&&&&&&&&&&&&

## തിരുവനന്തപുരം എയർപോർട്ട് (ഇൻട്രോ)

ദക്ഷിണേന്ത്യയിൽ ഏറ്റവും വേഗത്തിൽ റൺവേ റീ കാർപ്പറ്റിങ് പൂർത്തിയാക്കിയ നേട്ടം സ്വന്തമാക്കി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. 75 ദിവസത്തിനുള്ളിൽ 3.4 കിലോമീറ്റർ നീളവും 60 മീറ്റർ വീതിയുമുള്ള റൺവേ റീ കാർപ്പറ്റിങ്ങാണ് പൂർത്തിയാക്കിയത്.
ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.......
(വോയ്സ്)

&&&&&&&&&&&&&&&&&&

RNU TVPM

## സുരേഷ്ഗോപി

കേരള ഖാദി ഗ്രാമവ്യവസായ അസ്സോസിയേഷൻ്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന നവീകരിച്ച സ്ലൈവർ പ്ലാൻ്റ് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്തു. യന്ത്രങ്ങളുടെ സ്വിച്ച് ഓൺ കർമ്മവും അദ്ദേഹം നിർവ്വഹിച്ചു. പ്ലാന്റിന്റെ പ്രവർത്തനത്തിൽ സംതൃപ്തി രേഖപ്പെടുത്തിയ കേന്ദ്രമന്ത്രി ജീവനക്കാരെ അനുമോദിക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## മാസപ്പിറവി - യോഗം

ശവ്വാൽ മാസപ്പിറവി സംബന്ധിച്ച് ഏകീകൃത തീരുമാനമെടുക്കാൻ വിവിധ ജമാ അത്തുകളിലെ ഇമാമുമാരും മഹല്ല് ഭാരവാഹികളും നാളെ തിരുവനന്തപുരത്ത് യോഗം ചേരും. വൈകുന്നേരം 6.30 ന് പാളയം ജുമാ മസ്ജിദിലാണ് യോഗം.

&&&&&&&&&&&&&&&&&&

## റംസാൻ - വിഷു - കൈത്തറി

റംസാൻ - വിഷു ആഘോഷങ്ങളോടനുബന്ധിച്ച് കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ കൈത്തറി പ്രദർശന വിപണ മേള ആരംഭിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മേളയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. വിവിധ ജില്ലകളിൽ നിന്നായി നാൽപതിലധികം കൈത്തറി ഉൽപാദക സഹകരണ സംഘങ്ങൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## തെക്കൻ കുരിശുമല തീർത്ഥാടനം

തെക്കൻ കുരിശുമല തീർത്ഥാടനത്തിന് നാളെ തിരുവനന്തപുരത്ത് കൊടിയേറും. നാളെ ഉച്ചയ്ക്ക് വെള്ളറടയിൽ നിന്ന് കുരിശിൻറെ വഴി ആരംഭിക്കും. വൈകുന്നേരം നെയ്യാറ്റിൻകര രൂപതാ ബിഷപ് വിൻസൻ്റ് സാമുവൽ പതാക ഉയർത്തും. തുടർന്ന് നടക്കുന്ന സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## കോട്ടയം പിടിസി

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന

RAJU TVPM

തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&&

RNU TVPM